ശ്രീ. തച്ചടി പ്രഭാകരൻ: ഞാൻ നേരത്തെ അക്കാര്യം പറഞ്ഞതാണ്. ശ്രീ. കുഞ്ഞിക്കണ്ണൻ ശ്രദ്ധിച്ചില്ലായിരിക്കും. തൃശ്ശൂർ കോഴം നിലമോ, പാലക്കാടോ, കുട്ടനാടോ, ഓണാട്ടുകരയോ എന്നു പ്രത്യേകതയില്ല. ഒറ്റൽകൃഷിക്കാർക്കു കൊടുക്കുന്ന ആനുകൂല്യം കേരളത്തിലെ മുഴുവൻ നെൽക്കൃഷിക്കാർക്കും ഒരുപോലെ ലഭ്യമാക്കുന്നതായിരിക്കും.

വ്യക്തിപരമായ വിശദീകരണം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കുവൈറ്റികളുടെ കയ്യിൽ നിന്നും കുറെ പണം വാങ്ങി ഞാനും ബഹുമാനപ്പെട്ട സുപ്പിയും കൂടി ശ്രീ. എം. വി. രാഘവന് എത്തിച്ചുകൊടുത്തുവെന്ന് ശ്രീ. വി. കേശവൻ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു. സർ, അത് ഇല്ലാത്തതാണെന്ന് തെളിയിക്കാനൊന്നും ഞാൻ ഈ സഭയുടെ സമയം കളയുന്നില്ല. ഇന്നലെ വരെ സ്വന്തം നേതാവായിരുന്ന ശ്രീ. എം. വി. രാഘവനെപ്പറ്റി പറയുമ്പോൾ ഒരുകിലും ഉള്ളവരുടെ ക്രെഡിബിലിറ്റിയെ ബാധിക്കുമെന്ന് നിങ്ങൾ ഓർക്കേണ്ടതാണ്. അത് ലജ്ജാകരവും തരംതാണതും ബാലിശവുമായ പരാമർശമായിട്ടായിരിക്കും ഈ രേഖയിൽ ഉണ്ടാവുക.

സംസ്ഥാനഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുനൂറു രൂപയുടേയും നീതിന്യായനിർവ്വഹണം എന്ന III–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുനൂറു രൂപയുടേയും പോലീസ് എന്ന XII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുനൂറു രൂപയുടേയും, മെഡിക്കൽ എന്ന XVIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാലുലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറു രൂപയുടേയും കുടുംബക്ഷേമം എന്ന XIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൂന്നു ലക്ഷത്തി അൻപത്തി ആറായിരം രൂപയുടേയും പൊതുജനാരോഗ്യമെന്ന XX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുനൂറു രൂപയുടേയും ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXVI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിനൊന്നു ലക്ഷത്തി എൺപത്തിമൂവായിരം രൂപയുടേയും വിനോദസഞ്ചാരമെന്ന XLIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ, ഒരു കോടി എഴുപത്തി ആറായിരത്തി നാനൂറു രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം പാസ്സാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ പോയം ആവശ്യപ്പെടുന്നു.

(സഭ താഴെപറയും പ്രകാരം വേർതിരിഞ്ഞ് വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—70

1. ശ്രീ. എ. വി. അബ്ദുറഹ്മാൻ ഹാജി
2. ,, പി. എം. അബൂബേക്കർ
3. ,, ഇ. അഹമ്മദ്
4. ,, കൊരമ്പയിൽ അഹമ്മദ് ഹാജി
5. ,, സി. ടി അഹമ്മദ് അലി
6. ,, കെ. അവുക്കാദർകുട്ടി നഹ
7. ,, ആർ. ബാലകൃഷ്ണപിള്ള
8. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
9. ,, പി. കെ. കെ. ബാവ

LIBRARY ARCHIVES Kerala Legislative Assembly